പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം: 1207

20.01.2014 -ൽ
മറുപടിയ്ക്ക്

## ഐ.എച്ച്.ആർ.ഡി.ക്ക് യൂണിവേഴ്സിറ്റി പദവി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. റ്റി. എ. റഹീം | | ശ്രീ. പി.കെ.അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | ഐ.എച്ച്.ആർ.ഡി.യുടെ കീഴിൽ നടത്തി വരുന്ന കോഴ്സുകൾ സംബന്ധിച്ച വിവരങ്ങൾ വിശദമാക്കാമോ; | (എ) | ഐ.എച്ച്.ആർ.ഡി.യുടെ കീഴിൽ നടത്തി വരുന്ന കോഴ്സുകൾ സംബന്ധിച്ച വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1) PGDCA - ഒരുവർഷം<br>2) DDTOA - ഒരുവർഷം<br>3) DCA - 6 മാസം<br>4) CLISC - 6 മാസം<br>5) ADSM - 6 മാസം<br>6) എഞ്ചിനീയറിംഗ് കോളേജുകളിൽ ബി.ടെക് കോഴ്സുകളും എം.ടെക് കോഴ്സുകളും.<br>7) പോളിടെക്നിക്ക് കോളേജുകളിൽ ഡിപ്ലോമ കോഴ്സുകൾ.<br>8) അപ്ലൈഡ് സയൻസ് കോളേജുകളിൽ B.Sc., B.Com., BA., BBA, BCA, M.Sc., M.Com., MCA. കോഴ്സുകൾ. |
| (ബി) | ഐ.എച്ച്.ആർ.ഡി.യുടെ വൈവിധ്യ മാർന്ന വിദ്യാഭ്യാസ ശൃംഖല നിലനിർത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ ; | (ബി) | ഐ.എച്ച്.ആർ.ഡി.യുടെ വൈവിധ്യ മാർന്ന വിദ്യാഭ്യാസ ശൃംഖല നിലനിർത്തുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.<br>(1) എഞ്ചിനീയറിംഗ് കോളേജുകളിൽ പുതിയ ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് കോഴ്സുകൾ തുടങ്ങി.<br>(2) സർക്കാരിന്റെ ASAP, SDTP for women പോലുള്ള വിവിധ പരിശീലന പരിപാടികൾ ഐ.എച്ച്.ആർ.ഡി. ഏറ്റെടുത്ത് നടത്തുന്നു. |

(3)സർക്കാരിന്റെ വിവിധ സാമ്പത്തിക സഹായ പദ്ധതികളായ MHRD ഫണ്ട്, TEQIP Scheme (Engineering Colleges) എന്നിവ നേടിയെടുക്കുന്നു.

(4) സർക്കാർ അംഗീകൃത TSP എന്ന നിലയിൽ വിവിധ സർക്കാർ ഏജൻസികളുടെ AMC വർക്കുകൾ ഏറ്റെടുത്ത് നടത്തുന്നു. ഇതിലേയ്ക്കായി ഒരു PMD ഡിവിഷൻ രൂപീകരിച്ചിട്ടുണ്ട്.

(സി) ഐ.എച്ച്.ആർ.ഡി.ക്ക് യൂണിവേഴ്സിറ്റി പദവി നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാനത്ത് ഒരു സാങ്കേതിക സർവ്വകലാശാല സ്ഥാപിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. സാങ്കേതിക സർവ്വകലാശാല നിലവിൽ വരുന്നതോടെ ഐ.എച്ച്.ആർ.ഡി.-യുടെ കീഴിലുള്ള ഉന്നത നിലവാരം പുലർത്തുന്ന എഞ്ചിനീയറിംഗ് കോളേജുകളും ടി സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്യപ്പെടും. അപ്പോൾ വേറൊരു സർവ്വകലാശാല സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത എഞ്ചിനീയറിംഗ് കോളേജുകളെ സംബന്ധിച്ച് ഇല്ലാതാകും. പിന്നെ സർവ്വകലാശാലയിലേയ്ക്ക് ചേർക്കപ്പെടേണ്ടത് ഐ.എച്ച്.ആർ.ഡി. നടത്തുന്ന അപ്ലൈഡ് സയൻസ് കോളേജുകൾ മാത്രമാണ്. ഈ സാഹചര്യത്തിൽ ഐ.എച്ച്.ആർ.ഡി. -യ്ക്ക് സർവ്വകലാശാല പദവി നൽകുന്ന പദ്ധതിയ്ക്ക് കാര്യമായ നേട്ടങ്ങളോ പ്രയോജനങ്ങളോ ഉണ്ടാകുമെന്ന് സർക്കാർ കരുതുന്നില്ല.

| | | | |
|---|---|---|---|
| (ഡി) | ഐ.എച്ച്.ആർ.ഡി. യിലെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിടുന്നതിന് സന്നദ്ധമാകുമോ ; | (ഡി) | ഐ.എച്ച്.ആർ.ഡി. സർക്കാരിന്റെ അധീനതയിലുള്ള ഒരു സ്വയംഭരണ സ്ഥാപനമാണ്. ഈ സ്ഥാപനത്തിലേയ്ക്കുള്ള നിയമനങ്ങൾ സർക്കാർ നിർദ്ദേശ പ്രകാരം മാധ്യമങ്ങളിലൂടെ പരസ്യപ്പെടുത്തി പരീക്ഷയുടേയും കൂടികാഴ്ചയുടേയും അടിസ്ഥാനത്തിൽ പി.എസ്.സി. പാലിക്കുന്ന സംവരണ തത്വങ്ങൾ പാലിച്ചുകൊണ്ടാണ് ഇപ്പോൾ നടത്തി വരുന്നത്. ഐ.എച്ച്.ആർ.ഡി. യിലെ നിയമനങ്ങൾ പി.എസ്.സി.-യ്ക്ക് വിടുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| (ഇ) | ഐ.എച്ച്.ആർ.ഡി. യിൽ നിലവിലുള്ള ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; ഇക്കാര്യത്തിൽ ഇതു വരെയായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ഇ) | ഐ.എച്ച്.ആർ.ഡി. യിൽ നിലവിലുള്ള ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നടപ്പിലാക്കാനുള്ള നടപടികൾ സർക്കാർ ആരംഭിച്ചു കഴിഞ്ഞു. ഇതിന്റെ മുന്നോടിയായി ഐ.എച്ച്.ആർ.ഡി. യിലെ സ്റ്റാഫ് പാറ്റേൺ ഫിക്സ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ